പി.ആന്റ്.എം.(1) 27668/2015

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം,തീയതി : 22-07-2015.
website : www.cooperation.kerala.gov.in
e-mail : keralarcs.coop@kerala.gov.in

## സർക്കുലർ നം. 34/2015

വിഷയം : സഹകരണ വകുപ്പ് - ബിസിനസ്സ് നിയമ ഉപദേശങ്ങളുമായി ബന്ധപ്പെട്ട് വിദഗ്ധ അഭിപ്രായം നൽകുന്ന സേവനങ്ങൾ - അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് - ACSTI യുടെ സേവനം ഉപയോഗിക്കുന്നത് - സംബന്ധിച്ച്.

സൂചന : അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI) ഡയറക്ടറുടെ 26-05-2015 ലെ എ.സി.എസ്.റ്റി.ഐ/103/47/2015-16 നമ്പർ കത്ത്.

**********************

കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI) യുടെ ഭാഗമായി ഒരു കൺസൾട്ടൻസി സെൽ 2014 മുതൽ രൂപീകരിച്ചിട്ടുണ്ടെന്നും സഹകരണ മേഖലയിൽ പ്രവർത്തിച്ചു വരുന്ന സംസ്ഥാന സഹകരണ ബാങ്ക്, ജില്ല സഹകരണ ബാങ്ക്, പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ എന്നിവയ്ക്ക് പ്രയോജനപ്പെടുന്ന മേഖലകളിൽ വിവിധ തരത്തിലുള്ള കൺസൾട്ടൻസി സേവനങ്ങൾ ടി സ്ഥാപനം നൽകി വരുന്നുണ്ടെന്നും അറിയിച്ചിരിക്കുന്നു. ആയതിനാൽ സഹകരണ വകുപ്പുമായി ബന്ധപ്പെട്ട്, കൺസൾട്ടൻസി രംഗത്ത് മികച്ച സേവനങ്ങൾ നൽകാൻ ടി സ്ഥാപനം തയ്യാറാണെന്നും തുടർന്ന് വരുന്ന സേവനങ്ങളിൽ അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI) യെ കൂടി ഉൾപ്പെടുത്തണമെന്നും അഭ്യർത്ഥിച്ചിരിക്കുന്നു.

സഹകരണ മേഖലയിൽ പ്രവർത്തിച്ചു വരുന്ന സംസ്ഥാന സഹകരണ ബാങ്ക്, ജില്ല സഹകരണ ബാങ്ക്, പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ എന്നിവയ്ക്ക് പ്രയോജനപ്പെടുന്ന മേഖലകളിൽ വിവിധ തരത്തിലുള്ള കൺസൾട്ടൻസി സേവനങ്ങൾക്കായി, കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് -(ACSTI) യുടെ സേവനം കൂടി പ്രയോജനപ്പെടുത്താവുന്നതാണ്. (www.acstikerala.com)

ഒപ്പ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ് :

1. എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും
2. സ്റ്റോക്ക് ഫയൽ, 3. സ്പെയർ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (പ്ലാനിംഗ്)